**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1094** **02-02-2026 - ൽ മറുപടിയ്ക്ക്**

**പെരുമ്പാവൂർ മണ്ഡലത്തിലെ ജലസ്രോതസ്സുകളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പെരുമ്പാവൂർ മണ്ഡലത്തിൽ ഉപയോഗശൂന്യമായി കിടക്കുന്ന ജലസ്രോതസ്സുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; അവയുടെ സംരക്ഷണത്തിനും വിനിയോഗത്തിനും പരിപാലനത്തിനും വേണ്ടി സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാം; വ്യക്തമാക്കുമോ; | (എ) | ടി മണ്ഡലത്തിലെ എല്ലാ ജലസ്രോതസ്സുകളുടെയും വിശദാംശങ്ങൾ 7-ാമത് MI Census/2 –ആം Water body census മുഖേന ശേഖരിച്ചുവരുകയാണ് |
| (ബി) | ജലസ്രോതസ്സുകൾ കയ്യേറുന്നവരെയും നശിപ്പിക്കുന്നവരെയും കണ്ടെത്തി മാതൃകാപരമായ ശിക്ഷ ഉറപ്പുവരുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം; വിശദമാക്കാമോ? | (ബി) | പ്രധാന നദികളുടെ കൈവഴികളായ തോടുകളിലും നഗര പ്രദേശങ്ങളിലും ഭൂവിനിയോഗത്തിലുണ്ടായ മാറ്റങ്ങളും ജനസാന്ദ്രതയും മൂലമാണ് കയ്യേറ്റങ്ങൾ സംഭവിച്ചിട്ടുള്ളത്. ജലസ്രോതസ്സുകളുടെ വിന്യാസത്തിലുള്ള വ്യതിയാനവും, റവന്യൂരേഖ, സമീപവാസികളിൽ നിന്നും ലഭിക്കുന്ന പരാതികൾ/ വിവരങ്ങൾ ജനപ്രതിനിധികൾ ചൂണ്ടിക്കാട്ടുന്നവ, ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിക്കുമ്പോൾ ശ്രദ്ധയിൽപ്പെടുന്നവ എന്നിവയുടെ അടിസ്ഥാനത്തിലാണ് കയ്യേറ്റം നടന്നിട്ടുണ്ടെന്ന നിഗമനത്തിലെത്തുന്നത്. ജലാശയങ്ങളിലെ കയ്യേറ്റം തിരിച്ചറിയുന്നതിനും തുടർന്നുള്ള മറ്റ് നടപടികൾക്കും റവന്യൂ വകുപ്പിന്റെ സഹായം തേടാറുണ്ട്. സംശയിക്കപ്പെടുന്ന സാഹചര്യങ്ങളിൽ റവന്യൂ വകുപ്പിനെ സമീപിക്കുകയും താലൂക്ക് സർവ്വേയർ വഴി ബൗണ്ടറി നിർണ്ണയിച്ച് ഡീമാർക്കേഷനും നടത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് കയ്യേറ്റം നടന്നുവെന്ന് കണ്ടെത്തുന്നത്. കയ്യേറ്റം ഒഴിപ്പിക്കാനുള്ള തുടർനടപടികൾ ഇതിൻ പ്രകാരം സ്വീകരിക്കാറുണ്ട്. പഞ്ചായത്തിരാജ് ആക്റ്റ് പ്രകാരം ചെറുതോടുകൾ, ജലാശയങ്ങൾ, കുളങ്ങൾ എന്നിവയുടെ പുറമ്പോക്ക് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായതിനാൽ കൈയേറ്റങ്ങൾ ബോദ്ധ്യപ്പെടുമ്പോൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനാധികാരിയെ അറിയിക്കാറുണ്ട്. |

| | | | |
|---|---|---|---|
| | | | കേരള ജല അതോറിറ്റിയുടെ ശുദ്ധ ജല വിതരണത്തിനായി ഉപയോഗിക്കുന്ന സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി ഫെൻസിങ്, ക്യാമറ നിരീക്ഷണം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. ഏതെങ്കിലും വിധത്തിലുള്ള അതിക്രമങ്ങളുടെയോ ഇടപടലുകളുടെയോ ഫലമായി മലിനമായാൽ ആയത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേരള പോലീസ്, റവന്യു വകുപ്പ് ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ എന്നിവരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള അടിയന്തിര ഇടപെടൽ നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ